**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 299** **07-10-2024 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യസുരക്ഷാ വകുപ്പ് ജീവനക്കാരുടെ കുറവ് നികത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യസുരക്ഷാ വകുപ്പ് ജീവനക്കാരുടെ കുറവ് മൂലം പരിശോധനകൾ യഥാസമയങ്ങളിൽ നടത്തുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | ഭക്ഷ്യ സുരക്ഷാ വകുപ്പിൽ ജീവനക്കാരുടെ കുറവ് നിലവിലുണ്ട്. എങ്കിലും നിലവിലുള്ള ജീവനക്കാരെ ഉപയോഗിച്ച് പരമാവധി കാര്യക്ഷമമായാണ് പ്രവർത്തിച്ച് വരുന്നത്. എൻഫോഴ്സ്മെന്റ് , മിനിസ്റ്റീരിയൽ, ലാബ് എന്നീ വിഭാഗങ്ങളാണ് വകുപ്പിൽ നിലവിലുള്ളത്. ആയതിൽ ആദ്യത്തെ രണ്ട് വിഭാഗങ്ങളെ സംയോജിപ്പിച്ച് കാര്യക്ഷമമായ പരിശോധനകൾ സമയബന്ധിതമായി നടത്തി വരുന്നു. ലഭിയ്ക്കുന്ന എല്ലാ പരാതികളിലും പരിശോധനകൾ നടത്തുകയും തുടർ നടപടി ഉറപ്പുവരുത്തുകയും പരാതിക്കാരന് യഥാസമയം പരിശോധനാ വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്ത് വരുന്നു. കൂടാതെ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ചും പരിശോധനകൾ നടത്തി വരുന്നുണ്ട് . നിലവിലെ ഭക്ഷ്യ സംരംഭകരുടെ എണ്ണം കണക്കിലെടുക്കുമ്പോൾ ആയത് പരിശോധിയ്ക്കുന്ന ജീവനക്കാരുടെ എണ്ണവും തമ്മിൽ വലിയ അന്തരം ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ കൂടുതൽ തസ്തികകൾ, വാഹനം എന്നിവ ലഭിയ്ക്കുന്ന മുറയ്ക്ക് കൂടുതൽ പരിശോധനകൾ നടത്തുവാൻ കഴിയും. ഭക്ഷ്യസുരക്ഷാ വകുപ്പിലെ മൂന്ന് വിഭാഗങ്ങളെയും ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നത് ഉൾപ്പെടെയുള്ള ശുപാർശകളടങ്ങിയ പഠന റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലുള്ളതാണ് . |
| (ബി) | ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് പരിശോധന ലാബുകൾ ഉള്ളതെന്ന് വിശദമാക്കുമോ; | (ബി) | ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി 3 അനലിറ്റിക്കൽ ലാബുകളാണ് പൂർണ്ണതോതിൽ പ്രവർത്തിച്ച് വരുന്നത്. പത്തനംതിട്ട ജില്ലയിൽ ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബും പ്രവർത്തിച്ച് വരുന്നു. കണ്ണൂർ ജില്ലയിൽ ലാബ് നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നത്. സ്ഥിരം കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇത് കൂടാതെ 14 |

| | | | |
|---|---|---|---|
| | | | ജില്ലകളിലുമായി 14 സഞ്ചരിയ്ക്കുന്ന ഭക്ഷ്യ പരിശോധനാ ലാബുകളും പ്രവർത്തിച്ച് വരുന്നു. |
| (സി) | പാലക്കാട് ജില്ലയിൽ പരിശോധന ലാബുകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അവ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | പാലക്കാട് ജില്ലയിൽ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ അനലിറ്റിക്കൽ ലാബുകൾ നിലവിലില്ല. എന്നാൽ ഒരു മൊബൈൽ ലാബ് ജില്ല കേന്ദ്രീകരിച്ച് പ്രവർത്തിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ